പുതിയ സ്കൂളുകൾക്കുള്ള അപേക്ഷകൾ

* 268. [40] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 ഡിസംബർ മാസത്തിൽ പുതിയ സ്കൂളുകൾക്കുള്ള അപേക്ഷ അയയ്ക്കണമെന്ന ഗവണ്മെന്റ് അറിയിച്ചിരുന്നോ ;

(ബി) ഈ അറിയിപ്പുപ്രകാരം ഇംഗ്ലീഷ് ഹൈസ്കൂൾ, യു. പി. സ്കൂൾ എൽ. പി. സ്കൂൾ എന്നിവയ്ക്ക് ഓരോന്നിലും കിട്ടിയ അപേക്ഷകൾ എത്ര ;

(സി) ഓരോ ജില്ലയും തിരിച്ച് ഓരോ ഇനം പള്ളിക്കൂടങ്ങൾക്കും എത്ര അപേക്ഷകൾ എന്നു പറയാൻ ദയവുണ്ടാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 1963 നവംബർ മാസത്തിൽ, സ്വകാര്യമേഖലയിൽ സ്കൂളുകൾ തുറക്കുന്നതിനും, അപ്ഗ്രേഡു ചെയ്യുന്നതിനും അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടായിരുന്നു.

(ബി, സി) ഈ വിവരങ്ങൾ മേശപ്പുറത്തു വച്ചിട്ടുണ്ട്. †

ശ്രീ. ഹമീദ് ആലി ഷംനദ് : പൊതുവേ സ്കൂളുകൾ അനുവദിക്കുന്നതു ഡി. ഡി. സി. കളുടെ അഭിപ്രായംകൂടി അറിഞ്ഞിട്ടല്ലേ ?

ശ്രീ. ആർ. ശങ്കർ : അതേ.

ശ്രീ. എം. സി. എബ്രഹാം: അടുത്ത വർഷം പുതുതായി ടെയിനിംഗ് സ്കൂളുകൾ അനുവദിക്കുന്നുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ടെയിനിംഗ് സ്കൂളുകൾ ഇനി കൂടുതൽ ആവശ്യമുണ്ടോ ; ഇപ്പോഴുള്ളതു മതിയാകുമോ എന്നുള്ള കാര്യം പരിശോധിച്ച് റിപ്പോർട്ടു ചെയ്യാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. കൂടുതൽ ടെയിനിംഗ് സ്കൂളുകൾ ആവശ്യമുണ്ടെന്നു കണ്ടാൽ വേണ്ടതു ചെയ്യുന്നതാണ്.

ശ്രീ. എം. നാരായണക്കുറുപ്പ് : പ്രാഥമിക വിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തന പരിധിയിൽപെടുന്നതായതുകൊണ്ടും, കേരളത്തിൽ ഉടനീളം പഞ്ചായത്തുകൾ നിലവിലുള്ളതുകൊണ്ടും മേലാൽ പ്രാഥമിക സ്കൂളുകൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കീഴിൽ നടത്താനും അനുവദിക്കാനും നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെയൊരു അഭിപ്രായം പരക്കേ ഉള്ളതാണ്. എന്നാൽ ഒരു അനുഭവം ഉള്ളതു ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിച്ചാൽ കൊള്ളാമെന്നുണ്ട്. പഞ്ചായത്തുകൾക്ക് ഒരു പരീക്ഷണം എന്ന നിലയിൽ സ്കൂളുകൾ നടത്താൻ കഴിഞ്ഞ ചില വർഷങ്ങളിൽ അനുവാദം കൊടുക്കുകയുണ്ടായി. അതിൽ അധികം സ്കൂളുകളും സാമാന്യേന കുഴപ്പത്തിലായി, സർക്കാർ ഏറെറടുക്കേണ്ട നിലയിലായിരിക്കുകയാണ്.

ശ്രീ. കെ. കൃഷ്ണപിള്ള : സ്കൂളുകൾ അനുവദിക്കുന്നതിനെ സംബന്ധിച്ചിടത്തോളം, ടെയിനിംഗ് സ്കൂളുകളായാലും മറ്റു സ്കൂളുകളായാലും അനുവദിക്കുന്നതിനു മുമ്പ് അപേക്ഷകൾ സ്വീകരിക്കാറുണ്ട്. അപേക്ഷകൾ സ്വീകരിച്ചതിനു ശേഷം പൊതുമേഖലയിൽവേണോ, സ്വകാര്യമേഖലയിൽവേണോ എന്നു തീരുമാനിക്കുകയാണു ചെയ്യുന്നതു. മുൻകൂട്ടി എവിടെയെല്ലാം സ്കൂളാവശ്യമുണ്ടെന്നു മനസ്സിലാക്കി അപേക്ഷകൾ ക്ഷണിക്കുകയല്ലേ നല്ലതു ?

ശ്രീ. ആർ. ശങ്കർ : അപേക്ഷകൾ മുറപ്രകാരം ക്ഷണിച്ച് തക്ക സമയത്തു സമർപ്പിക്കുന്നതിനു നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തും. അപേക്ഷകൾ കിട്ടിയതിനുശേഷം എത്ര സ്കൂളുകൾ ഏതെല്ലാം സെൻററിൽ അനുവദിക്കണമെന്നു പരിശോധിച്ചു തീരുമാനിക്കും.

† Appendix I

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഇ. ബലറാം : 24–ാമത്തെ ചോദ്യത്തിനു് ഉത്തരം പറഞ്ഞതു്: പുതുതായി എത്ര സ്കൂളുകളും, കോളേജുകളും അനുവദിച്ചിട്ടുണ്ടെന്നുള്ളതിനു് തീരുമാനം ആയിട്ടില്ലെന്നാണു്. പത്രങ്ങളിൽ കാണുകയുണ്ടായി: ബിഷപ്പന്മാർ, എം. എൽ. എ. മാർ., എൻ. എസ്. എസ്., എസ്. എൻ. ഡി. പി. എന്നിങ്ങനെ നാലു വിഭാഗക്കാർക്കായി 27 കോളേജുകളും അനുവദിച്ചിട്ടുണ്ടെന്നു്. അതു ശരിയാണോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ ഗവണ്മെൻറിനു് അറിവില്ല.

ശ്രീ. എൻ. ഗോപാലകുറുപ്പു് : പുതുതായി അനുവദിക്കുന്ന സ്കൂളുകളും എല്ലാം പ്രൈവറ്റു മേഖലയിലായിരിക്കുമെന്നു തീരുമാനിക്കാൻ കാരണമെന്താണു് ?

ശ്രീ. ആർ. ശങ്കർ : കഴിവുള്ളിടത്തോളം പ്രൈവറ്റു മേഖലയിലായാൽ ഗവണ്മെൻറിനു് കുറേ സൗകര്യമുണ്ടു്. പ്രധാന കാരണം അലോട്ടുമെൻറു് വളരെ കുറവാണു്; സ്വകാര്യമേഖലയിലായാൽ ഗവണ്മെൻറിനു് ചെലവു കുറഞ്ഞിരിക്കും. ഗവണ്മെൻറു തന്നെ നേരിട്ടു സ്കൂളുകളും നടത്തുകയാണെങ്കിൽ ചെലവു വളരെ കൂടും.

ശ്രീ. ആർ. സുഗതൻ : ഈ നിയമസഭ തുടങ്ങി മൂന്നാമത്തെ ദിവസം ഇതു സംബന്ധിച്ചു ഒരു ചോദ്യത്തിനു് ഡി. ഡി. സി. കളുടെ ശുപാർശയനുസരിച്ചു് തീരുമാനം എടുക്കുമെന്നല്ലേ പറഞ്ഞതു് ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ പറഞ്ഞിട്ടില്ല. അവരുടെ അഭിപ്രായംകൂടി ആരായുമെന്നു പറഞ്ഞു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഡി. ഡി. സി. യുടെ അഭിപ്രായം ആരായുമെന്നും, ആ അഭിപ്രായം അതേപടി സ്വീകരിക്കുകയില്ലെന്നും പരസ്പരവിരുദ്ധമായ മറുപടി പറയാൻ കാരണമെന്താണു് ?

ശ്രീ. ആർ. ശങ്കർ : പരസ്പരവിരുദ്ധമായിട്ടൊന്നും പറഞ്ഞില്ല. ഡി. ഡി. സി. കളുടെ ശുപാർശ ഔദ്യോഗികമായി ആവശ്യപ്പെട്ടിട്ടില്ല; ചില ഡി. ഡി. സി. കളും ശുപാർശ അയച്ചിട്ടുണ്ടു്; ആ ശുപാർശകളുംകൂടി പരിഗണിക്കും.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : ഡിപ്പാർട്ടുമെൻറൽ സ്കൂളുകൾ തുറക്കണമെന്നുണ്ടെങ്കിൽ, ആ സ്ഥലത്തെ ആളുകൾ കമ്മിറ്റി ഉണ്ടാക്കി, ആവശ്യമായ സ്ഥലവും, കെട്ടിടസൗകര്യവും നൽകണമെന്നും, എന്നാൽ മാത്രമേ അപ്ഗ്രേഡു ചെയ്യാൻ അനുവദിക്കുകയുള്ളുവെന്നും വ്യവസ്ഥയുണ്ടോ ? ഗവണ്മെൻറു സ്കൂളുകൾ അപ്ഗ്രേഡു ചെയ്യാൻ ഗവണ്മെൻറിനല്ലേ ഉത്തരവാദിത്വം? അതുസംബന്ധിച്ചു വ്യക്തമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഡിപ്പാർട്ടുമെൻറൽ സ്കൂളുകൾ അപ്ഗ്രേഡു ചെയ്യുന്നതിനു് ലോക്കൽ കമ്മിറ്റികളും ഉണ്ടാക്കി, ആവശ്യമായ കൂടുതൽ സ്ഥലവും, കെട്ടിടവും നൽകണമെന്ന ഒരു നയം സ്വീകരിച്ചിട്ടുണ്ടു്. ഇപ്പോഴും അങ്ങനെ ചെയ്യുവരുന്നുണ്ടു്. ഏതെങ്കിലും സ്ഥലത്തു് ഗവണ്മെൻറു സ്കൂളുകൾ അപ്ഗ്രേഡു ചെയ്യണമെന്നും, സ്ഥലസൗകര്യമോ, കെട്ടിടമോ നൽകുന്നതിനു് നാട്ടുകാർക്കു സൗകര്യമില്ലെന്നും ബോധ്യപ്പെട്ടാൽ ഗവണ്മെൻറു തന്നെ ആ ഉത്തരവാദിത്വം ഏറ്റെടുക്കാതിരിക്കുകയില്ല. അതാണു് ഇപ്പോഴത്തെ നയം.

ശ്രീ. സി. അച്യുതമേനോൻ : സ്കൂളുകൾ പുതുതായി അനുവദിക്കുകയും, അപ്ഗ്രേഡു ചെയ്യുകയും ചെയ്യുന്നതിനെ സംബന്ധിച്ചു വ്യക്തമായ ഏതെങ്കിലും തത്വങ്ങൾ അനുസരിക്കാറുണ്ടോ? അതോ മറ്റു തരത്തിലുള്ള സമ്മർദ്ദങ്ങളുടെ അടിസ്ഥാനത്തിൽ അനുവദിക്കുകയാണോ? ഇന്നയിന്ന തത്വങ്ങളുടെ അടിസ്ഥാനത്തിൽ സ്കൂളുകൾ അനുവദിക്കുമെന്ന ഒരു നയം സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ : ഇതിനെ സംബന്ധിച്ച് ഈ സെഷനിൽ തന്നെ വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്. വ്യക്തമായ ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സ്കൂളുകൾ അനുവദിക്കുന്നത്. സാധാരണ നിലയിൽ, സ്കൂളുകളുടെ ആവശ്യം അതാതു സ്ഥലത്തുണ്ടോ എന്നുള്ളതാണ് പ്രധാന പരിഗണന. അതു കഴിഞ്ഞ് മാനേജ്മെന്റു സ്കൂളുകളാണെങ്കിൽ, സ്കൂൾ നടത്താൻ മാനേജ്മെന്റിന് കഴിവുണ്ടോ എന്ന നോക്കും. ഓരോ സ്ഥലത്തും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഒരു സർവ്വെ നടത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും സ്കൂളുകൾ അനുവദിക്കുന്നതിൽ ചില നിയന്ത്രണം വച്ചിട്ടുണ്ട്.

(Question No. 7 was not put as the Member was not in his seat.)

ഫൈട്ടോ കെമിക്കൽസ് ഫാക്ടറി

* 269. [8] ശ്രീ. പി. വിശ്വംഭരൻ † : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേരിയമംഗലത്തെ ഫൈട്ടോ കെമിക്കൽസ് ഫാക്ടറിയുടെ പ്രവർത്തനം പുനരാരംഭിക്കുവാൻ സാദ്ധ്യതയുണ്ടോ ;

(ബി) തേയിലകൊഴുന്നിന്റെയും ചണ്ടിയുടെയും വില പൊട്ടുന്നതുവരെ വളരെയധികം വർദ്ധിപ്പിച്ചതാണോ ഈ പദ്ധതി നിറുത്തിവയ്ക്കുവാൻ കാരണം;

(സി) എങ്കിൽ അങ്ങനെ ക്രമാതീതമായി വില വർദ്ധിപ്പിക്കുന്നതു തടയുവാൻ ഗവണ്മെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) നേരിയമംഗലത്തെ ഫൈട്ടോ കെമിക്കൽസ് ഫാക്ടറിയുടെ പ്രവർത്തനം പുനരാരംഭിക്കുവാൻ സാദ്ധ്യതയുണ്ടോ എന്നു ഇൻഡ്യാഗവണ്മെന്റിനോട് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) തേയിലകൊഴുന്നിന്റെയും ചണ്ടിയുടേയും വില പൊട്ടുന്നതുവരെ വളരെയധികം വർദ്ധിപ്പിച്ചതാണ് ഈ പദ്ധതി നിറുത്തിവയ്ക്കുവാൻ കാരണമെന്നു പറയുന്നതു ശരിയല്ല.

(സി) 'ബി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : ഈ പദ്ധതിയുടെ ആരംഭിക്കലും മുടങ്ങലും ഇതു എത്രാമത്തെ തവണയാണ്.

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇതുവരെ ആരംഭിച്ചിട്ടില്ലാത്തതുകൊണ്ട് ആരംഭം തന്നെ മുടങ്ങലിലാണ്.

ശ്രീ. സി. അച്യുതമേനോൻ : ഈ ഫാക്ടറിയെ സംബന്ധിച്ചും, അതിന്റെ ആലോചനയെ സംബന്ധിച്ചും ഈ നിയമസഭയിൽത്തന്നെ മൂന്നാലു കൊല്ലമായി തുടർച്ചയായി ചോദ്യം വരികയാണ്. ഇതിനകം ഇതേ സംബന്ധിച്ചു എന്തെങ്കിലും തീരുമാനം എടുക്കുവാൻ കഴിയാതെ വന്നതു എന്തുകൊണ്ടാണ്? ഒന്നുകിൽ നടക്കുമെന്നു തീരുമാനിക്കുക, അല്ലെങ്കിൽ നടക്കാൻ സാദ്ധ്യതയില്ല എന്നു തീരുമാനിക്കുക. ഈ ചോദ്യത്തിനുതന്നെ ഗവണ്മെന്റു പണം ചെലവാക്കുന്നതു കഷ്ടമാണ്, അതുകൊണ്ട് ഏതെങ്കിലും ഒരു ഉറച്ച തീരുമാനമെടുക്കുമോ?

† Put by Shri K. R. Vijayan.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[*Please see answer to Starred Question* 268 (40)]

District	H. S.	U. P. S.	L. P. S.
Trivandrum	30	70	72
Attingal	34	134	158
Quilon	66	202	225
Pathanamthitta	50	112	82
Thiruvalla	21	22	15
Mavelikara	30	41	37
Alleppey	23	42	37
Kottayam	63	64	41
Moovattupuzha	18	62	67
Palai	28	49	60
Ernakulam	25	44	38
Irinjalakuda	25	65	33
Trichur	23	47	22
Palghat	13	16	19
Ottappalam	12	26	10
Malappuram	11	50	40
Kozhikode	14	45	31
Badagara	8	44	13
Tellicherry	18	69	38
Kasargod	20	50	46
	552	1254	1284

LIBRARY ARCHIVES Kerala Legislative Assembly